(ബി) അമിത ജോലിഭാരം മൂലം അടിയന്തര സഹായം ലഭിക്കേണ്ട കേസുകൾ പോലും വൈകുന്നത് ഒഴിവാക്കുന്നതിനായി പുതിയ സെക്ഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) അമിത ജോലിഭാരംമൂലം അടിയന്തര സഹായം ലഭിക്കേണ്ട കേസുകൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്പോർട്സ് ക്വാട്ട നിയമനം

27 (3530) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ ഓരോ വർഷവും 50 കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും 2010 മുതൽ എത്ര പേർക്ക് ഇതു പ്രകാരം ജോലി നല്കിയിട്ടുണ്ടെന്നും ഇല്ലെങ്കിൽ ജോലി നല്കുന്നതിനുള്ള തടസ്സമെന്താണെന്നും വിശദമാക്കുമോ;

(ബി) കേരളത്തിൽ നടന്ന ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് ജോലി നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള 249 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് 7-12-2015-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയവരിലും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവർക്ക് പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. നിയമന നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly